**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5060** **14-03-2023 - ൽ മറുപടിയ്ക്ക്**

**പൊതുസ്കൂളുകളിലെ സ്പെഷ്യൽ എജ്യൂക്കേറ്റർമാരുടെ സ്ഥിരനിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കടകംപള്ളി സുരേന്ദ്രൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | 28.10.2021 ലെ സുപ്രീം കോടതി വിധി (WP(C) No. 132/2016 & 876/2017) പ്രകാരം പൊതുസ്കൂളുകളിൽ സ്പെഷ്യൽ എജ്യൂക്കേറ്റർമാരെ സ്ഥിരപ്പെടുത്തുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | **28.10.2021-ലെ സുപ്രീം കോടതി വിധി (WP(C) No. 132/2016 & 876/2017) അനുസരിച്ച് 07.07.2022-ലെ സ.ഉ. (സാധാ) 3973/2022/ പൊ.വി.വ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സമഗ്ര ശിക്ഷ കേരളയിൽ കരാർ അടിസ്ഥാനത്തിലാണ് സ്പെഷ്യൽ എഡ്യൂക്കേറ്റർമാരെ നിയമിച്ചിട്ടുള്ളത്. ഇവരെ സ്ഥിരപ്പെടുത്തുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.** |
| (ബി) | ആർ.സി.ഐ. ശിപാർശ ചെയ്യുന്ന ശമ്പളത്തിന് തുല്യമായി സ്പെഷ്യൽ എജ്യൂക്കേറ്റർമാരുടെ ശമ്പളം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ? | (ബി) | നിലവിൽ സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ ശമ്പളം കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ പ്രോജക്ട് അപ്രൂവൽ ബോർഡ് വർഷാവർഷം അംഗീകരിക്കുന്ന ചട്ടം /നിർദ്ദേശം എന്നിവയുടെ അടിസ്ഥാനത്തിൽ സമഗ്ര ശിക്ഷാകേരള മുഖേന നൽകി വരുന്നു. ആർ.സി.ഐ ശിപാർശ ചെയ്യുന്ന ശമ്പളം നൽകുന്നതിന് കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ അനുമതിയും അംഗീകാരവും ആവശ്യമാണ്. |

സെക്ഷൻ ഓഫീസർ